നെല്ലിന്റെ സംഭരണ വില കർഷകന് കൃത്യമായി നൽകാൻ നടപടി

217 (1251) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരിൽ നിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില സംഭരണ സമയത്തുതന്നെ കർഷകന് ലഭ്യമാക്കുമെന്ന 2013-14 ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇതിനായി ജില്ലാ സഹകരണ ബാങ്കുകളിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ; ഇതിലേക്ക് ഇതിനകം സർക്കാർ എത്ര തുക നൽകിയിട്ടുണ്ട് ;

(സി) ഈ പദ്ധതിപ്രകാരം സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും സംഭരണം നടക്കുമ്പോൾതന്നെ നെല്ലിന്റെ വിലയുള്ള ചെക്ക് കർഷകർക്ക് നൽകുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) നെല്ലിന്റെ സംഭരണ വില സംഭരണ സമയത്തുതന്നെ കർഷകന് കൊടുക്കാറുണ്ട്. 2014-15 രണ്ടാംസീസണിൽ നെല്ലിന്റെ സംഭരണവില വിതരണം ചെയ്യുന്നതിൽ കടിശ്ശിക ഉണ്ടായിട്ടുണ്ട്. ആയത് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുവാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല. നെല്ലിന്റെ വില നൽകുന്നതിന് ജില്ലാ സഹകരണ ബാങ്കുകളിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടില്ല.

(സി) സംഭരണ സമയത്തുതന്നെ നെല്ലിന്റെ വിലയുള്ള ചെക്ക് കർഷകർക്ക് നൽകുന്നില്ല.

വിലക്കയറ്റം

218 (1252) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ലേബർ ബ്യൂറോയുടെ കണക്കുകൾ പ്രകാരം വിലക്കയറ്റത്തിൽ സംസ്ഥാനം ഇപ്പോൾ ഏത് സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കണക്കുകൾ പ്രകാരം മറ്റ് സംസ്ഥാനങ്ങളിലെ വിലക്കയറ്റത്തിന്റെ തോത് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ലേബർ ബ്യൂറോ മാസംതോറും പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില റിപ്പോർട്ടിൽ സംസ്ഥാനത്തിന്റേയോ മറ്റ് സംസ്ഥാനങ്ങളുടേയോ വിലക്കയറ്റത്തെ സംബന്ധിച്ച സ്ഥാനം ലഭ്യമല്ല. ഏറ്റവും പുതുതായി ലഭിച്ച വില സൂചികയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു..*

സപ്ലൈകോയുടെ യൂണിറ്റുകൾ

219 (1253) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയുടെ എത്ര യൂണിറ്റുകൾ/സ്ഥാപനങ്ങൾ, പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോയുടെ എത്ര യൂണിറ്റുകൾ തുടങ്ങി ; അവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) സപ്ലൈകോവഴി ജനങ്ങൾക്ക് അവശ്യസാധനങ്ങൾ എത്ര ശതമാനം വില കുറച്ചാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സപ്ലൈകോയുടെ വികസനത്തിനായി 2011 മുതൽ 2015 വരെയുള്ള വർഷങ്ങളിൽ ബജറ്റിൽ പ്രത്യേകമായി തുക നീക്കിവച്ചിട്ടുണ്ടോ ; എങ്കിൽ എത്ര വീതമെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത കാലഘട്ടത്തിൽ ഈ സ്ഥാപനം ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചു വരുന്നതെന്ന് വിശദമാക്കുമോ ;

(എഫ്) ലാഭത്തിലാണെങ്കിൽ പ്രസ്തുത കാലഘട്ടത്തിലെ ലാഭം എത്രയെന്നും നഷ്ടത്തിലാണെങ്കിൽ നഷ്ടം എത്രയെന്നുമുള്ള വിവരം നൽകുമോ ?

ഉത്തരം

(എ &ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly